(ബി) കേരളത്തിൽ പ്രവർത്തിക്കുന്ന ഏജൻസികൾ കമ്പനീസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(സി)&(ഡി) ഇത്തരം ഏജൻസികൾ കുറ്റാന്വേഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവയുടെ പ്രവർത്തനങ്ങൾ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് നിരീക്ഷിച്ചുവരുന്നുണ്ട്. ആവശ്യമുണ്ടെന്ന് തോന്നിയാൽ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കേണ്ട സത്യവാങ്മൂലം

5 (*302) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥാനാർത്ഥികൾ സ്വത്ത് വിവരം, വിദ്യാഭ്യാസ യോഗ്യത, ക്രിമിനൽ പശ്ചാത്തലം എന്നിവ സംബന്ധിച്ച് സത്യവാങ്മൂലം നാമനിർദ്ദേശപത്രികയോടൊപ്പം സമർപ്പിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് കൂടി ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ ശുപാർശ എന്നുമുതൽ സംസ്ഥാനത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിലും തെരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലും ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശകൾ നടപ്പാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ-ഡി) ഇക്കാര്യത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. നിയമവശങ്ങളും മറ്റും പരിശോധിച്ച് നയപരമായ തീരുമാനം എടുക്കേണ്ട ഒരു വിഷയമാണ് ഇത്.

(ഇ) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. ആവശ്യമാണെങ്കിൽ ചർച്ച ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly